(ബി) അനാഥാലയങ്ങൾക്ക് നൽകി വരുന്ന ഗ്രാന്റ് ഒരു അന്തേവാസിക്ക് പ്രതി മാസം 100 രൂപയിൽ നിന്ന് 125 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന് 1-12-2002 മുതൽ പ്രാബല്യമുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 224 അനാഥാലയങ്ങൾക്ക് പുതുതായി ഗ്രാൻറ് അനുവദിച്ചുകൊണ്ട് സർക്കാരിന്റെ 2-9-2003-ലെ ജി. ഒ. (എംഎസ്.) 49/03/സാക്ഷേവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബസ്സുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനം

*30 [270] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ ഓർഡിനറി ബസ്സുകൾ, സ്വകാര്യ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ വൃത്തിഹീനമായിട്ടാണ് സർവ്വീസ് നടത്തുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആധുനിക ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾ നിരത്തിലിറക്കിയതുപോലെ പുതിയ ഓർഡിനറി ബസ്സുകൾ നിരത്തിലിറക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ പുതുമ നിലനിർത്തുന്നതിനും, ബസ്സുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇല്ല.

(ബി) ഇപ്പോൾ തന്നെ കെ. എസ്. ആർ. ടി. സി. അനേകം പുതിയ മിനി ബസ്സുകൾ ഓർഡിനറി സർവ്വീസുകളായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇതുകൂടാതെ കാലാവധി പൂർത്തിയാക്കിയ സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഓർഡിനറി സർവ്വീസുകൾക്ക് ലഭ്യമാക്കുന്നുണ്ട്.

(സി) പ്രത്യേക പരിശീലനം നൽകിയ ജീവനക്കാരെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly